
# സംക്ഷിപ്ത ജീവിതചരിത്രം

## ഡോ. കെ.കെ.എൻ. കുറുപ്പ്



# ഈ മാൻഡേറ്റ് സ്വീകരിച്ചാലും

## ഇന്ത്യയുടെ ഭാവി ഗാന്ധിസം - മാർക്സിസത്തിലൂടെ



ഡോ. കെ.കെ.എൻ.കുറുപ്പ്

വള്ളിക്കുന്നു കോൺസ്റ്റിറ്റുവൻസിയിൽ സ്വതന്ത്ര സ്ഥാനാർത്ഥി യായി ജനവിധി തേടുമ്പോൾ ഞാൻ മുന്നോട്ടു വെക്കുന്ന വികസന ആശയങ്ങൾ താഴെപ്പറയുന്നു.

1. മലപ്പുറം ജില്ല വിഭജിച്ചു തിരൂർ ജില്ല രൂപീകരിക്കുവാൻ 1980 മുതൽ ആവശ്യപ്പെടുന്ന ഒരു സംഘടന മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ മൂർക്കോത്തു രാമുണ്ണിയടക്കം ഞങ്ങൾ പ്രവർത്തിച്ചിരുന്നു. മലബാർ എഡ്യുക്കേഷൻ മോവ്മെന്റ് ചെയർമാൻ എന്ന നിലയിൽ പ്രസിദ്ധീകരിച്ച എന്റെ ഡാറ്റാ ബെയ്സഡ് പഠനം "മലബാർ എഡുക്കേഷൻ, കോളനി ഓഫ് തിരുവനന്തപുരം" എന്ന 2025 പുസ്തകം അതു വ്യക്തമാക്കുന്നു.

   കോട്ടക്കൽ ഒരു ഹയർസെക്കണ്ടറി സ്ക്കൂൾ 5000 കുട്ടികളെ രണ്ടര ഏക്കർ സ്ഥലത്തും ആലപ്പുഴയിൽ അത് 250 ഏക്കറിലും വരുന്നുവെന്ന് സത്യം അതു വെളിപ്പെടുത്തുന്നു.

2. 2015 വരെ കലിക്കറ്റ് യൂണിവേർസിറ്റി ഇഞ്ചിനീയറിംഗ് കോളേജ് കൊച്ചിൻ ടെക്സിറ്റിക്കു സമാനമാണ് എന്നു എന്റെ പഠനം സൂചിപ്പിക്കുന്നു. ഇന്ന് അത് തകർന്നിരിക്കുന്നു. പതിനായിരത്തിലധികം ബി.ടെക്കുകാർ ഇതുവഴി ഡിഗ്രിനേടി. എന്റെ അത്യധ്വാനവും വികസനലക്ഷ്യവും അതിന്റെ വിജയമാണ്. കേരളത്തിലെ ആദ്യ പ്രിന്റിങ്ങ് ടെക്നോളജി വിദ്യാർത്ഥികൾ പുറത്ത് ഫീസ് നൽകി പഠിക്കുന്നുവെന്നറിയുമ്പോൾ ഞെട്ടുന്നു.

   ഇവിടെ ഒന്നരകോടി ലാഭമുണ്ടാക്കിയ പാഠപുസ്തക പ്രിന്റിംഗ് ഇന്ന് സ്വകാര്യവ്യക്തികളുടെ കൈകളിലാണ്.

   ഇത്തരത്തിൽ തകർന്നുകൊണ്ടിരിക്കുന്ന വാർസിറ്റിയെ ദക്ഷിണേന്ത്യയിൽ ഒന്നാം നിരയിലെത്തിക്കാവുന്നതാണ്. മലപ്പുറം

എം.എൽ.എ.മാർ ഇതിൽ താൽപര്യമെടുക്കുന്നില്ല. (എന്റെ *ജീവിച്ചതല്ല ജീവിതം* എന്ന ആത്മകഥ, (മാതൃഭൂമി) ഇതെല്ലാം വെളിപ്പെടുത്തുന്നു.)

3. ഇവിടെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ 1800 കുട്ടികൾ, ഒരു കിച്ചൻ, എന്നാകുമ്പോൾ അതിലെ ഭക്ഷണം, ക്വാളിറ്റി, എല്ലാവർക്കും അറിയാവുന്നതാണ്. അതു "ശുദ്ധ ഭക്ഷണം എന്റെ ജന്മാവകാശം" എന്ന നിലയിൽ ജെ.എൻ.യു.പോലെ അഞ്ചോ ആറോ ആയി വിഭജിക്കണം. പണമല്ല പ്രശ്നം, പ്ലാനിങ്ങില്ലായ്മ.

4. ബയോടെക്ക്, വകുപ്പ് ("ലാബ് ടു ലാന്റ്" എന്ന മുദ്രാവാക്യം 1998-2002 നടപ്പിലാക്കിയതുപോലെ (വയനാട്ടിൽ 20 ലക്ഷം ടിഷ്യു വാഴ അന്ന് വിതരണം) ചെയ്യണം.

5. 25 വർഷമായി ഇവിടെ പ്രവർത്തിക്കുന്ന കാഷ്വൽ ലേബർമാരെ സ്ഥിരപ്പെടുത്തണം.

6. ബി.ടെക്കു കഴിഞ്ഞ 25 വിദ്യാർത്ഥികളെയെടുത്തു അവർക്കു A.I. പ്രശസ്ത പഠനം നൽകണം. ഗൾഫിൽ ധാരാളം ഒഴിവുകളിൽ ജോലി നൽകാൻ കഴിയും. ഇത് Learn and Pay backസ്കീം വഴി യൂനിവേർസിറ്റിക്ക് സംഘടിപ്പിക്കാം.)

7. വയനാട്ടിന്റെ വികസനത്തിന്നു ട്രൈബൽ യൂനിവേർസിറ്റി പ്രത്യേകജ്ഞാന ജോലി വിഷയങ്ങളുമായി 25-26 സാമ്പത്തിക വർഷം പ്രഖ്യാപിക്കേണ്ടതുണ്ട്. Knowledge integrated Tribal University യാണ് ലക്ഷ്യം. അതില്ലാത്ത പക്ഷം ആദിവാസികളുടെ വികസനം സാദ്ധ്യമല്ല. ഇപ്രകാരം 2010 ൽ നടത്തിയ പ്രവർത്തനത്തിൽ 15 പേർ സർക്കാർ ജോലി നേടി.

8. നമ്മുടെ എം.ബി.എ.ക്കാരുടെ സഹകരണ സംഘമുണ്ടാക്കി, കാലിക്കറ്റ്, കണ്ണൂർ എയർപോർട്ടുകൾ വഴി ഗൾഫ് നാടുകളിൽ ഫ്രൂട്ട്സ്, വെജിറ്റബിൾസ് വിതരണം ചെയ്യണം. അതിന് വയനാട് ജൈവകൃഷി വേണം.

9. ഈ വിതരണത്തിന് ടിഷ്യൂ നേന്ത്രൻ, പൈതൃക നെൽകൃഷി എന്നിവയുടെ ക്ലസ്റ്ററുകൾ വയനാടൻ ഗ്രാമങ്ങളിൽ കർഷക ക്ലബ്ബുകൾ വഴി ഉണ്ടാക്കണം. അവ ജൈവകൃഷി സർട്ടിഫിക്കറ്റുകൾക്കൊപ്പം, കൺടയിനർ വഴി, കീക്കൻഹോഫ് മാതൃകയിൽ ലേലത്തിൽ വിറ്റ് മൂലധനമുണ്ടാക്കണം. ഇതു അഭ്യസ്തവിദ്യരെ കൃഷിയിലേക്ക് ആകർഷിക്കുന്നു.

10. വടകരയിലെ മുയിപ്പോത്തു പ്രദേശത്തു നടക്കുന്ന കൂട്ടുകൃഷി സംരംഭം എല്ലാ പ്രദേശങ്ങളിലും വ്യാപിക്കണം. തരിശുഭൂമി കൃഷിചെയ്യണം.

11. കബനീനദിയുടെ കർണ്ണാടക തീരത്തു ആയിരം പമ്പുസെറ്റുകൾ. പുല്പള്ളിയിൽ ഒന്നുപോലുമില്ലാത്ത സ്ഥിതി മാറ്റിയെടുക്കണം. കാർഷിക പാക്കേജുകൾ രൂപപ്പെടുത്തണം. ഏറ്റവും തരംതാണ മിണ്ടാവകുപ്പായ കൃഷിഭവനുകളെ മാറ്റിയെടുക്കണം. കർഷക സ്ത്രീകൾക്ക് സ്ഥിരം ജോലി വേണം. തൊഴിലുറപ്പ് പദ്ധതി പുതിയ രൂപത്തിൽ മാറ്റിയെടുക്കണം.

12. അർബ്ബൻ ഫോറസ്ട്രി ഇന്നു "നാംകെവാസ്ത"യാണ്. അതു വിപുലീകരിക്കണം.

13. കേരള ഭക്ഷ്യസംഘടനയുടെ പ്രസ്താവന പോലെ "Quality food, a birth right" ഗ്രാമങ്ങളിൽ പ്രചരിപ്പിക്കണം. വിദ്യാർത്ഥികളെ രാസവസ്തുക്കളിൽ നിന്നും മോചിപ്പിക്കണം.

14. ഓരോ ബഡ്ജറ്റ് ചെലവിനും സോഷ്യൽ ഓഡിറ്റിങ്ങ് നിർബ്ബന്ധമാക്കണം.

15. കുഞ്ഞിപ്പള്ളിയിലെ മഖ്ദൂം വഖഫിന് ഗവർൺമെന്റ് ഇടപെട്ട്, സൈനുദ്ദീൻ ദഖ്ദൂമിന്റെ ദേശീയ സ്മാരകമാക്കണം. അത് പൊന്നാനിയിൽ മാത്രം പോര. ആളുകൾ മതക്കാർ പ്രാർത്ഥിച്ചു കൊള്ളട്ടെ. മഖ്ബറ ആഗ്രയിലെ സലിംചിസ്തി സ്മാരകം പോലെ പുരാവസ്തു സംരക്ഷിക്കണം. മഖ്ദൂം സൂഫി ലോകത്തിന്റെ ആചാര്യനാണ്.

16. ആദിവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പുതിയ പരിശീലനം നൽകി ഫോറസ്റ്റുവകുപ്പുകളിലും നാവിയിലും പ്രത്യേക് ക്വാട്ട യുവാക്കൾക്കു നൽകുന്ന വിധം നിയമങ്ങൾ പരിഷ്ക്കരിക്കണം.

17. സച്ചാർ കമ്മീഷന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ശക്തമായ നടപടികൾ വേണം. മൗലാനാ ആസാദ് ഫെല്ലോഷിപ്പ് പൂർണ്ണ മായും നടപ്പിലാക്കണം. മുസ്ലീം സ്ത്രീകളെ കിച്ചനിൽ നിന്നും രക്ഷപ്പെടുത്തണം.

18. കൃത്യമായ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ അയച്ചും പ്രത്യേക പദ്ധതികൾക്കപേക്ഷിച്ചും വകുപ്പു മേധാവികളെ കർത്തവ്യനിരതരാക്കണം. ഉദ്യോഗസ്ഥർ പറയുന്ന കാര്യം നടത്തു ന്നവരാകരുത് മന്ത്രിമാർ. എം.എൽ.എ. മാരുടെ പ്രവർത്തനം ശാക്തീകരിയ്ക്കണം. ഓരോ വകുപ്പും 5 എം.എൽ.എ.മാർ വരുന്ന വർ കൈകാര്യം ചെയ്യണം.

19. കൈത്തറി അന്തരാഷ്ട്രതലത്തിൽ പ്രത്യേക ഡിസൈനുകളിൽ പ്രചരിപ്പിക്കണം. ഇന്നത്തെ ഹാൻഡ്‌ലൂം പരിഷ്കരിപ്പിക്കേ

ണ്ടതുണ്ട്. പഴയ തെരുവുകൾ വീണ്ടെടുക്കണം. ഖാദി പരിഷ്കരിക്കണം. വിദ്യാഭ്യാസമുള്ള തൊഴിലാളികൾ ഉണ്ടാകുന്നവിധം ആകർഷകമാക്കണം.

20. ഓരോ ബ്ലോക്കിലും പഞ്ചായത്തിലും പഴയകാലത്തെ ആഴ്ച ചന്തകൾ പുതിയ മാളുകളോടു മത്സരിക്കുന്ന വിധം വീണ്ടെടുക്കണം.

21. "അതിജീവനം, ആരോഗ്യം, ആനന്ദം" വർദ്ധിപ്പിക്കുവാൻ ഹോളിസ്റ്റിക് മെഡിസിൻ ശക്തമാക്കണം. ആയുർവ്വേദം നിലനിൽക്കണമെങ്കിൽ പഴയകാലത്തെപ്പോലെ ഓരോ ഭവനത്തിലും ഔഷധസസ്യങ്ങൾ നട്ടുവളർത്തണം. ഹോർത്തൂസ് മലബാറിക്കസ് ഗ്രാമങ്ങൾ ഉണ്ടാക്കണം.

22. പരമ്പരാഗത വിജ്ഞാനം വീണ്ടെടുക്കുന്ന രീതി നാട്ടു വൈദ്യന്മാർ, തലമുതിർന്ന കർഷകർ, മരക്കപ്പൽ നിർമ്മാണ തൊഴിലാളികൾ കൈത്തൊഴിലുകാർ എന്നിവരിലാണ്. അവരെ പ്രോത്സാഹിപ്പിക്കാത്ത സമീപനം പണം ചെലവാക്കുക മാത്രമാണ്. പട്ടണങ്ങളിൽ T.K. ലഭ്യമല്ല.

23. ഏറ്റവും നല്ല വിദ്യാർത്ഥികൾക്കും ബുദ്ധിശാലികൾക്കും പഠിച്ചു വളരുവാൻ ഗ്രാമങ്ങളിൽപോലും സാദ്ധ്യമായ പശ്ചാത്തലം വേണം. ഇന്നത്തെ ബ്രെയിൻ ഡ്രെയിൻ ഇല്ലാതാക്കണം. ബാങ്കുകൾ നൽകുന്ന ഇന്നത്തെ വിദ്യാഭ്യാസ വായ്പകൾ അവരുടെ കുടിപ്പാടം വിൽക്കാൻ മാത്രം സഹായിക്കുന്നു. കടവും പലിശയും വീട്ടാൻ കഴിയാതെ പലരും ആത്മഹത്യ ചെയ്യുന്നു. പലിശയില്ലാത്ത പഠനവായ്പകൾ വേണം. കർഷകരിൽ ഫൈനാൻസ് ക്യാപ്പറ്റിലസം തടയണം.

24. മദ്ധ്യവർഗ്ഗ വികസനം പോലെ പാർശ്വവൽകൃത സമൂഹ വികസനം ആവശ്യമാണ്. ഇത്തരം പല ആശയങ്ങൾ പ്രചരിപ്പിക്കുവാനും പലതും നടപ്പിലാക്കുവാനുമുള്ള പ്രേരണകൊടുക്കുവാനും ഗവൺമെന്റിന്റെ ഒരു ഭാഗമാകാൻ ആഗ്രഹിച്ചുകൊണ്ടാണ് ഞാൻ സ്വതന്ത്രനായി ജനവിധി തേടുന്നതു. ഇവയിൽ പലതും പരീക്ഷിക്കുവാനും വിജയിപ്പിക്കുവാനും എന്റെ പ്രവർത്തനത്തിൽ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട് .

ഇന്നത്തെ ജനാധിപത്യരീതിയിൽ പ്രായോഗിക പരിശീലനം നേടിയവർക്കും ജൈവ ബുദ്ധിജീവികൾക്കും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ പരിമിതമായ അവസരങ്ങളാണ്. അവരെ രാഷ്ട്രീയ സംഘടനകൾക്കാവശ്യമില്ല. ചരിത്രം പഠിച്ചവർ, കൊളോണിയൽ സംസ്കാരം വിശകലനം ചെയ്തവർ, വിദേശ

സർവ്വകലാശാലകളുടെ കടന്നുകയറ്റം പ്രശംസിക്കുകയില്ല. അവർ ഭാരതീയ സംസ്കാരത്തിന്റെ ഘാതകരായ മെക്കാളേ സന്തതികളാണ്. കേരള അസ്സംബ്ലിയിൽ വിദേശ സർവ്വകലാശാല ബില്ലിനെതിരെ കയ്യുയർത്തുവാൻ ഒരു ശ്രീമതി രമ മാത്രമാണുണ്ടായത്. അതു കഷ്ടമല്ലേ! അവർ ജനറൽവിൽ നടപ്പിലാക്കി. അത് വിജയകരമാണ്. പരാജയമല്ല.

ഈ ഒരു മാൻഡേയിറ്റു ആണ് ഞാൻ നടപ്പിലാക്കുവാൻ പ്രവർത്തിക്കുകയെന്നു പഠനത്തിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ സാക്ഷ്യപ്പെടുത്തുന്നു.

ഡോ. കെ.കെ.എൻ. കുറുപ്പ്

## ഡോ. കെ.കെ.എൻ. കുറുപ്പ്

# സംക്ഷിപ്ത ജീവിതചരിത്രം

**ജനനം :** 1939 ഫെബ്രുവരി 13 വടകര താലൂക്ക് അഴിയൂർ അംശം കല്ലാമല ദേശം, കല്ലാക്കോവിലകം, പി.ഒ. ചോമ്പാല. അമ്മ : മഹാകവികുട്ടമത്ത് കുടുംബം എന്ന ചെറുവത്തൂരിലെ (മുൻ കാസർഗോഡ് താലൂക്ക്) 200 വർഷത്തെ സാംസ്കാരിക കുടുംബം. അച്ഛൻ മണ്ണംപൊയിൽ ചാപ്പക്കുറുപ്പ് (കുറ്റോടി ചിണ്ടൻ നമ്പ്യാർ എന്ന ജന്മിയുടെ മൂത്തപുത്രൻ)

**വിദ്യാഭ്യാസം :** കല്ലാമല എൽ.പി. സ്കൂൾ, കരിയാട്ട് നമ്പ്യാർസ് ഹയർ എലിമെന്ററി, മയ്യഴിയ ഹൈസ്കൂൾ മാഹി, മടപ്പള്ളി ഗവ: ഹൈസ്കൂൾ, ബി.എ. പാസ്, ഡൽഹി യൂണിവേഴ്സിറ്റി, എം.എ. ചരിത്രം, കാലിക്കറ്റ് യൂണിവേഴ്സിറ്റി (1971), പി.എച്ച്ഡി (കാലിക്കറ്റ് 1974)

**ജോലി :** 1961 മുതൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ തെക്കെ തൃക്കരിപ്പൂർ പരമ്പരാഗത പട്ടേൽ ജോലി. മൂന്നാം വയസ്സിൽ കയ്യൂർ സമരം (1942) തുടർന്ന് സ്ഥിരം പട്ടേൽ നിയമനം.

1972 മുതൽ കാലിക്കറ്റ് സർവ്വകലാശാല ചരിത്രവകുപ്പിൽ ലക്ചറർ, റീഡർ, പ്രൊഫസർ, വകുപ്പ് അദ്ധ്യക്ഷൻ, 6 മാസം മംഗലാപുരം വാർസിറ്റി ഡീൻ, പ്രൊഫസർ, 1998-2002 കാലിക്കറ്റ് വൈസ് ചാൻസലർ, 2006-2011 വരെ തൃപ്പൂണിത്തുറ ഹെറിറ്റേജ് സ്റ്റഡീസിൽ ഡയറക്ടർ ജനറൽ തുടർന്ന് ഇപ്പോഴും മലപ്പുറം മേൽമുറിയിൽ ബുഖാരി തങ്ങൾ ചെയർമാനായ മാദിൻ അക്കാദമി ഡയരക്ടർ ജനറൽ.

**വിദേശ യാത്ര, പഠനം, സമ്മേളനങ്ങൾ :**

ലണ്ടൻ, ആംസ്റ്റർഡാം, ബേൺ, ലൂവൻ, മോസ്ക്കോ, ക്യൂബ, ഗൾഫ് രാജ്യങ്ങൾ

**ഇന്ത്യൻ ചരിത്ര കോൺഗ്രസ്സ് :**

1976, 1999 കാലിക്കറ്റിൽ സംഘടിപ്പിച്ചു. 1999 ൽ ലോക്കൽ സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗം, 1993 മൈസൂരിൽ ആധുനിക ഇന്ത്യാചരിത്ര പ്രസിഡന്റ്, 2026-27 എക്സിക്യൂട്ടീവ് അംഗം ഇപ്പോൾ 2014 മുതൽ മലപ്പുറം, മാദിൻ അക്കാദമി ഡയരക്ടർ ജനറൽ, ഭക്ഷ്യശ്രീ സംഘടന ചെയർമാൻ, കെ.എ. കേരളീയൻ സ്മാരക സമിതി ചെയർമാൻ, മഹാകവി കുട്ടമത്ത് സംസ്കൃതി കേന്ദ്ര, കൊല്ലൂർ തുടങ്ങിയവ.

**അക്കാദമി സംഭാവന :**

മലബാറിലെ തെയ്യം ഗോത്രകലയെ അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിച്ചു. 1982 ൽ ഏഷ്യാഡിൽ ദർശന പശ്ചാത്തലമൊരുക്കി. കാലിക്കറ്റിൽ 2001 മുതൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിച്ചു. 10000 കുട്ടികൾ പഠിച്ചു കഴിഞ്ഞു. സ്വന്തമായ ഇച്ഛാശക്തിയിൽ നിന്നു വന്ന സ്ഥാപകൻ. പ്രിന്റിംഗ് ടെക്നോളജി ആദ്യമായി കേരളത്തിൽ സ്ഥാപിച്ചു. അതുപോലെ ഫേഷൻ ടെക്നോളജി, ഫോക്‌ലോർ എന്നീ വകുപ്പുകൾ. വയനാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വടകരയിലും തൃശ്ശൂരിലും.

**ഗ്രന്ഥങ്ങൾ :**

മലബാർ ചരിത്രപഠനങ്ങളെ ലോകരംഗങ്ങളിലെത്തിച്ചു. പലതും ആദ്യത്തെ പഠനങ്ങൾ. യുവതയുടെ മലബാർ സമരം ശതാബ്ദിയുടെ 6 വോളിയങ്ങളുടെ ചീഫ് എഡിറ്റർ. കയ്യൂർ സമരം, കേരളത്തിലെ കർഷകസമരങ്ങൾ, പഴശ്ശിസമരങ്ങൾ, ആധുനിക കേരളം, ഇത്തരം ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി നാല്പതിലധികം ഗവേഷണഗ്രന്ഥങ്ങൾ, നാലു ഇംഗ്ലീഷ് കവിതാ സമാഹാരങ്ങൾ, മലബാർ കലാപത്തെപ്പറ്റി 1921 എന്ന സമാഹാരം. ഇവയിൽ പല ഇംഗ്ലീഷ് പുസ്തകങ്ങളും ലോകത്തെ സർവ്വകലാശാലകളിൽ ലഭ്യം.

മഖ്ദൂമിന്റെ തുഹ്ഫ ഇന്ത്യാ ഗവൺമെന്റ് പ്രസിദ്ധീകരണത്തിന്റെ മുഖ്യ എഡിറ്റർ. അതിന്റെ 50 പുറം വരുന്ന ഇംഗ്ലീഷ് മലയാളം ബുക്ക് ലറ്റ് 25000 കോപ്പികൾ അക്കാദമി കേന്ദ്രങ്ങളിൽ സൗജന്യ വിതരണം. ഗവൺമെന്റ് ഈ പ്രവർത്തനം കൊണ്ടു പൊന്നാനിയിൽ സ്മാരകത്തിന് മൂന്ന് കോടി വകയിരുത്തി.

**ഇപ്പോൾ സ്ഥാനങ്ങൾ :-**

1. ഭക്ഷ്യശ്രീ കേരള ബഹുജന സംഘടനാ ചെയർമാൻ
2. കെ.എ. കേരളീയൻ സ്മാരകസമിതി ചെയർമാൻ 31 വർഷം വയനാടൻ കർഷക ആത്മഹത്യകളെപ്പറ്റി നടത്തിയ പഠനം. അച്യുതാനന്ദൻ മുഖ്യമന്ത്രിയുടെ 2006 ലെ പ്രശസ്ത പാക്കേജിനിടയാക്കി.
3. ചെയർമാൻ, മഹാകവി കുട്ടമത്ത് സംസ്കൃതി കേന്ദ്ര, കൊല്ലൂർ
4. മലബാർ ഇൻസ്റ്റിറ്റ്യൂട്ട്, വടകര

2002 – 20 വരെ ഈ സ്ഥാപനം ഒരു യൂണിവേഴ്സിറ്റി ചരിത്രവകുപ്പിനേക്കാളും വലിയ ഗവേഷണപദ്ധതികൾ ഏറ്റെടുത്ത് നടത്തിയിരുന്നു. ഏതാണ്ട് 25 ലക്ഷം രൂപ ചെലവ്.

ഞാനും ഭാര്യ പ്രൊഫ. മാലിനിക്കുറുപ്പും സ്വന്തമായി വാടക, ലൈബ്രേറിയൻ ശമ്പളം വക ചെലവഴിച്ചു. 2018–20 കാലത്തെ വെള്ളപ്പൊക്കം പിന്നീടുണ്ടായ കോവിഡു രോഗം, സ്ഥാപനം 7 ലക്ഷം രൂപ വില വരുന്നതു മൊയാരത്തു ശങ്കരൻ സ്മാരക ലൈബ്രറി, കണ്ണൂരിന് ദാനം നൽകി.

പ്രവർത്തനം ഇന്ന് :- ഭക്ഷ്യശ്രീ പ്രവർത്തനത്തോടൊപ്പം ജൈവ കാർഷിക രീതി പ്രചരണം ഒഴിഞ്ഞ നെൽവയലുകൾ ലീസിനെടുത്തു. ജൈവ നെൽകൃഷി, കൂട്ടുകൃഷി ശേഖരങ്ങൾ സൃഷ്ടിക്കൽ, മദ്ധ്യവർഗ്ഗത്തിൽ നിന്നും ഈ കൃഷിയിലേക്ക് പണം ശേഖരിക്കൽ, കേരളത്തിലെ ജൈവകൃഷി പ്രചാരകൻ ഒഞ്ചിയത്തെ കണ്ണമ്പ്രത്തെ പത്മനാഭൻ, വടകര മഹാത്മാ സേവാസദനം ട്രസ്റ്റ് ചെയർമാൻ ശ്രീനിവാസൻ തുടങ്ങിയ സുഹൃത്തുക്കളുമൊപ്പം പ്രവർത്തനം. അതുപോലെ അനേകം ചരിത്ര സെമിനാറുകൾ കോളേജുകളിൽ ഏർപ്പെടുത്തൽ. വയനാട്ടിൽ ട്രൈബൽ സർവ്വകലാശാല വരുത്താൻ ചീഫ് അക്കാദമിക്ക് അഡ്വൈസറായി ബഹുജനസമിതിയിലുണ്ട്.


വിധേയർ,

പ്രൊഫ. (ഡോ.) കെ.കെ.എൻ. കുറുപ്പ്
മുൻ വൈസ് ചാൻസലർ (ഹിസ്റ്റോറിയൻ)
പൂമാലിക, ചോമ്പാല പി.ഒ., പിൻ – 673 308
ഫോൺ : 9747002929

അഴിയൂർ
01-03-2026

# സംക്ഷിപ്ത ജീവിതചരിത്രം

## ഡോ. കെ.കെ.എൻ.കുറുപ്പ്



Indic Digital Archive Foundation
gpura.org